(ബി) 3 സ്ഥലങ്ങളിൽ.

(സി) രണ്ട് റീജിണൽ ഓഫീസുകൾ ഉൾപ്പെടെ 202 ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) വാടകയിനത്തിൽ 1997-1998-ൽ 1086 ലക്ഷം രൂപയും 1998-1999-ൽ 1,294 ലക്ഷം രൂപയും 1999-2000-ൽ 1,445 ലക്ഷം രൂപയും ചെലവായി.

കെ. എസ്. എഫ്. ഇ. യിൽ നിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്ക് ഏകീകരിക്കാൻ നടപടി

20 (3552) ശ്രീ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ. യിൽ ഇപ്പോൾ നൽകുന്ന കണക്കുകൾ വായ്പകളുടെയും സ്വർണ പണയ വായ്പകളുടെയും പലിശനിരക്ക് എത്രയാണ് ;

(ബി) ഈ നിരക്ക് സഹകരണവായ്പകൾ ഉൾപ്പെടെയുള്ള ബാങ്കുകളുടെ നിരക്കിനെക്കാൾ കൂടുതലാണോ ;

(സി) കൂടുതലാണെങ്കിൽ ബാങ്കുകളുടെ നിരക്കുമായി ഏകീകരിക്കാൻ ശ്രമിക്കുമോ ;

(ഡി) പലിശനിരക്കിൽ സ്വീകരിച്ചിരിക്കുന്ന പ്ലസ്റേറ്റ് സമ്പ്രദായം അവസാനിപ്പിച്ച് നീക്കിയിരിപ്പ് രീതി ആരംഭിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള പലിശനിരക്ക് താഴെ ചേർക്കുന്നു.

പദ്ധതി	കാലാവധി	പരമാവധി തുക	പലിശ
(1) ഹയർപർച്ചേസ്	1 വർഷം മുതൽ 2 വർഷംവരെ	ഇൻവോയ്സ് തുകയുടെ 90%	50,000 രൂപ വരെ 10% (ക്ലാസ്സ്) 50,000 തുകയ്ക്ക് മുകളിൽ 11% (ക്ലാസ്സ്)
(2) വ്യക്തിഗത വായ്പ	1 വർഷം മുതൽ 4 വർഷം വരെ	50,000 രൂപ	16% (ഉയർച്ച ഡിമിനിഷിംഗ്)
(3) സ്വർണവായ്പ	പരമാവധി 12 മാസം വരെ	50,000 രൂപ	10.5%

(ബി) അൽപ്പം കൂടുതലാണ്.

(സി) കമ്പനി സ്വീകരിക്കുന്ന ഫിക്സഡ് ഡൊപ്പോസിറ്റുകൾക്ക് അധിക പലിശ നൽകുന്നതിനും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ 1 ശതമാനം സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനും മറ്റ് ബാങ്കുകളുടെ നിരക്കുമായി ഏകീകരിച്ചാൽ അത് കമ്പനിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ, ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

കെ. എസ്. എഫ്. ഇ. വായ്പ വ്യവസ്ഥകൾ ലഘൂകരിക്കാനും പലിശ നിരക്ക് കുറയ്ക്കാനും നടപടി

21 (3553) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. എഫ്. ഇ. യിൽ നിന്നും വായ്പ എടുക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് വായ്പ എടുക്കുന്നവർക്ക് തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാനും പലിശനിരക്ക് കുറയ്ക്കാനും സർക്കാർ തയ്യാറാകുമോ ?

ഉത്തരം

കെ. എസ്. എഫ്. ഇ. യിൽ നിന്നും വായ്പ എടുക്കുന്നവർക്ക് തിരിച്ചടയ്ക്കുന്നതിനുള്ള തവണ വ്യവസ്ഥകൾ ഇപ്പോൾത്തന്നെ ലളിതമായതിനാൽ അവ കൂടുതൽ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

കെ. എസ്. എഫ്. ഇ. ദൃശ്യമാധ്യമങ്ങളിലൂടെ നൽകിയ പരസ്യങ്ങൾ

22 (3554) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ദൃശ്യമാദ്ധ്യമങ്ങളിലൂടെ 1999 - 2000 വർഷത്തിൽ എത്ര ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നൽകിയ പരസ്യത്തിലൂടെ എത്ര ലക്ഷം രൂപയുടെ അധിക ബിസിനസ് മുൻവർഷത്തെ അപേക്ഷിച്ച് ലഭിച്ചിട്ടുണ്ട് ;

(സി) 2000 - 2001 സാമ്പത്തിക വർഷത്തിൽ ദൃശ്യമാദ്ധ്യമങ്ങൾ വഴിയും പത്രങ്ങൾ വഴിയും എത്രലക്ഷം രൂപയുടെ പരസ്യങ്ങൾ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 17.55 ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് (20-3-2000 വരെ)

(ബി) മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തികവർഷം ജനുവരി മാസംവരെ 306.47 ലക്ഷം രൂപയുടെ അധിക ചിട്ടി ബിസിനസ് നടത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) 50 ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly